**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1210** **04-07-2022 - ൽ മറുപടിയ്ക്ക്**

**ശംഖുമുഖം റോഡിലെ കുഴികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരത്തെ ശംഖുമുഖം റോഡിൽ കുഴികൾ രൂപപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തിരുവനന്തപുരം ശംഖുമുഖം റോഡ് നിർമ്മാണ പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടില്ല. റോഡിന്റെ ഡയഫ്രം വാൾ ബലപ്പെടുത്തൽ പ്രക്രിയ തുടരുകയാണ്. Anchoring പ്രവൃത്തി പൂർത്തിയാകും മുമ്പെ അടിയന്തിര സാഹചര്യം പരിഗണിച്ച് റോഡ് 15.03.2022 – ന് ഗതാഗതയോഗ്യമാക്കി തല്ക്കാലികമായി തുറന്നു നൽകിയിരുന്നു. Anchoring പ്രവൃത്തി തുടരുന്നതിനിടയിൽ രണ്ട് സ്ഥലങ്ങളിൽ ചെറിയ കുഴികൾ രൂപപ്പെട്ടിരുന്നു. അവ നിലവിൽ അടച്ചിട്ടുണ്ട്.Soil anchoring പ്രവൃത്തിയിൽ ശക്തമായ Horizontal water jetting ചെയ്യുമ്പോൾ obstruction ഉണ്ടെങ്കിൽ soil displacement ഉണ്ടാകുകയും തന്മൂലം കുഴികൾ രൂപപ്പെടുകയും ചെയ്യും. |
| (ബി) | ശംഖുമുഖം റോഡിനടിയിൽ കല്ലുകൾ ഇട്ട് ഉറപ്പിക്കുന്നതിന് പകരം ചെളിനിറച്ചതാണ് കുഴികൾ രൂപപ്പെടാനുണ്ടായ കാരണം എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; | (ബി) | തിരുവനന്തപുരം ശംഖുമുഖം റോഡ് നിർമ്മാണ പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടില്ല. റോഡിന്റെ ഡയഫ്രം വാൾ ബലപ്പെടുത്തൽ പ്രക്രിയ തുടരുകയാണ്. Anchoring പ്രവൃത്തി പൂർത്തിയാകും മുമ്പെ അടിയന്തിര സാഹചര്യം പരിഗണിച്ച് റോഡ് 15.03.2022 – ന് ഗതാഗതയോഗ്യമാക്കി തല്ക്കാലികമായി തുറന്നു നൽകിയിരുന്നു. Anchoring പ്രവൃത്തി തുടരുന്നതിനിടയിൽ രണ്ട് സ്ഥലങ്ങളിൽ ചെറിയ കുഴികൾ രൂപപ്പെട്ടിരുന്നു. അവ നിലവിൽ അടച്ചിട്ടുണ്ട്.Soil anchoring പ്രവൃത്തിയിൽ ശക്തമായ Horizontal water jetting ചെയ്യുമ്പോൾ obstruction ഉണ്ടെങ്കിൽ soil displacement ഉണ്ടാകുകയും തന്മൂലം കുഴികൾ രൂപപ്പെടുകയും ചെയ്യും. |

| | | | |
|---|---|---|---|
| | | | |
| (സി) | പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) | റോഡിന്റെ പുനർനിർമ്മാണം നടത്തുന്നത് തിരുവനന്തപുരം നഗര പാതാ വികസന പദ്ധതിയുടെ കൺസഷണർ ആയ തിരുവനന്തപുരം റോഡ് ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡ് ആണ്. പ്രസ്തുത പദ്ധതിയുടെ 2004 – ൽ വച്ച എഗ്രിമെന്റിൽ തന്നെ ഇത്തരം കേടുപാടുകൾ ശരിയാക്കാനുള്ള വ്യവസ്ഥ ഉള്ളതിനാൽ ഇതിനായി സർക്കാരിൽ നിന്നും ടെണ്ടർ നടപ്പിലാക്കുകയോ ആയതിന് പ്രത്യേകമായി തുക നൽകേണ്ടതായോ ഉള്ള ആവശ്യമില്ല. കൺസഷൻ എഗ്രിമെന്റിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള ഗുണനിലാരത്തിലാണ് റോഡ് പുനർനിർമ്മാണ പ്രവൃത്തി നടപ്പിലാക്കി വരുന്നത്. |
| (ഡി) | ആക്സിലറേറ്റ് പി. ഡബ്ല്യൂ. ഡി. യുടെ ഭാഗമായി പ്രസ്തുത പദ്ധതിയുടെ മേൽനോട്ടം വകുപ്പ് നടത്തിയിരുന്നോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ഡി) | ഡയഫ്രം വാൾ നിർമ്മാണം പൊതുമരാമത്ത് റോഡ് വിഭാഗത്തിന്റെ മേൽ നോട്ടത്തിലാണ് നിർവ്വഹിച്ചിട്ടുള്ളത്. റോഡ് നിർമ്മാണവും, Drain നിർമ്മാണവും KRFB വിഭാഗമാണ്. കടൽക്ഷോഭത്തിൽ തകർന്ന റോഡ് ഭാഗം പുനർനിർമ്മിക്കുന്ന പ്രവൃത്തി പദ്ധതി കൺസഷണറായ തിരുവനന്തപുരം റോഡ് ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡിന്റെ ചുമതലയിൽ ഉൾപ്പെട്ടതാണ്. പദ്ധതിയുടെ എഗ്രിമെന്റിൽ പ്രതിപാദിച്ച പ്രകാരമുള്ള sub base, base course, surfacing പ്രവൃത്തികൾ പൂർണ്ണ ഗുണനിലവാരം ഉറപ്പാക്കിയാണ് നടപ്പിലാക്കി വരുന്നത്. |
| (ഇ) | മന്ത്രിയുടെ ഓഫീസ് നേരിട്ട് മേൽനോട്ടം വഹിച്ചതായി പറയുന്ന പദ്ധതിയിൽ ക്രമക്കേട് നടന്നു എന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ? | (ഇ) | ശംഖുമുഖം റോഡ് പുനർനിർമ്മാണ പ്രവൃത്തി 2004 – ലെ ആന്വിറ്റി കൺസഷൻ എഗ്രിമെന്റിൽ നിഷ്കർഷിച്ച പ്രകാരമുള്ള വ്യവസ്ഥ പ്രകാരമാണ് പദ്ധതി കൺസഷണർ ആയ തിരുവനന്തപുരം റോഡ് ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡ് (റ്റി.ആർ.ഡി.സി.എൽ) മേൽനോട്ടം വഹിച്ച് നടപ്പിലാക്കി വരുന്നത്. പ്രവൃത്തികൾ പൂർണ്ണമായും ഗുണനിലവാരം ഉറപ്പാക്കി ആണ് കൺസഷണർ കമ്പനി നടത്തുന്നതും തുടർന്ന് മേപ്പടി ഭാഗത്ത് 22.02.2027 വരെ പരിപാലനവും നടത്തേണ്ടത് പ്രസ്തുത കമ്പനി തന്നെ ആകയാൽ വളരെ കാര്യക്ഷമമായാണ് പണികൾ നടത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ എന്തെങ്കിലും ന്യൂനതകൾ സംഭവിച്ചാൽ പോലും ആയത് പൂർണ്ണമായും പരിഹരിക്കേണ്ട ഉത്തരവാദിത്തം കൺസഷണർ കമ്പനി ആയ റ്റി.ആർ.ഡി.സി.എൽ - നാണ്. ആകയാൽ പ്രവൃത്തി നടപ്പിലാക്കുന്നതിൽ യാതൊരു ക്രമക്കേടും നടന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ